**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2633

06.11.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

| **ചോദ്യം**<br>**ശ്രീ.അനൂപ് ജേക്കബ്** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഏതൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (എ) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കുകയും പുനർ നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷങ്ങളിൽ നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 255 കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിലെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഏത് വിധത്തിലാണെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാന പദ്ധതി വിഹിതം മാത്രമാണ് മേൽ പദ്ധതികളിൽ കോളനികളുടെ പുനർ നിർമ്മാണം പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്.<br>കേന്ദ്ര പദ്ധതിയായ PMAGY പദ്ധതിയിൽ കണ്ണൻദേവൻ ഹിൽസ് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ